# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചാഴൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ .ടിഎസ്ആർ(പി2)1442 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 23/09/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചാഴൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ .ടിഎസ്ആർ(പി2)1442 /2023 തീയ്യതി: 23/09/2023

## തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-02-2023 മുതൽ 04-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സാബു പി. എസ് | ഡെപ്യൂട്ടി ഡയറക്ടർ | 05-08-2023 | 11-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-08-2023 | 11-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഓമന കെ. പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി പ്രവിദ പി എ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. സുനിൽകുമാർ കെ. സി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി വിദ്യ ഒ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രഞ്ജിത്ത് പി. ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഇന്ദുലാൽ കെ. വി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| റെജി പോൾ | സെക്രട്ടറി | 01-04-2022 | 09-10-2022 |
| ജോയ്സി വർഗ്ഗീസ് | സെക്രട്ടറി | 10-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പോൾസൺ തോമസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| നിഷാന്ത് പി. എസ് | അസി. എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ. അനിഷ പി. ജെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-01-2023 |
| ഡോ. റീന പി. കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-02-2023 | 31-03-2023 |
| ഡോ. രജിത | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ. രാജലക്ഷ്മി രാധാകൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| സിനി കെ. എസ് | പ്രധാന അദ്ധ്യാപിക | 01-04-2022 | 31-03-2023 |
| ധന്യ എ | വി.ഇ.ഒ (ഇഞ്ചമുടി സർക്കിൾ) | 01-04-2022 | 31-03-2023 |
| സിന്ധു പി. ജി | വി.ഇ.ഒ (ചാഴൂർ സർക്കിൾ) | 01-04-2022 | 31-03-2023 |
| റെനീഷ് എ. എച്ച് | വി.ഇ.ഒ (കുറുമ്പിലാവ് സർക്കിൾ) | 01-04-2022 | 19-08-2022 |
| ഗോകുൽ ഇ. ബി | വി.ഇ.ഒ (കുറുമ്പിലാവ് സർക്കിൾ) | 20-08-2022 | 31-03-2023 |
| സൗമ്യ പി. എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഷീല ടി. ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഗീത ടി. സി | അസി. സെക്രട്ടറി | 01-04-2022 | 31-10-2022 |

| | | | |
|---|---|---|---|
| ഷെറീഫ് കെ. എം | അസി. സെക്രട്ടറി | 01-11-2022 | 31-03-2023 |
| ഡോ. രാജഗോപാലൻ ടി. പി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2022 | 16-11-2022 |
| ഡോ. ജ്യോതി വിജയകുമാർ എൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 17-11-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. | 1-1-3 |
| 5 | Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല | 1-1-4 |
| 6 | നൽകി 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല | 1-1-5 |
| 7 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതുവരെ ക്രെഡിറ്റ് ആയില്ല | 1-1-6 |
| 8 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീ**ർ**ഷകത്തി**ൽ** ചെലവ് ബുക്ക് ചെയ്തില്ല. | 1-1-7 |
| 9 | വസ്തു നികുതി റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | വസ്തു നികുതി നോൺ-റെസിഡൻഷ്യൽ തൻവർഷം -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-10 |
| 12 | വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-11 |
| 13 | ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-12 |
| 14 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-13 |
| 15 | വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല. | 1-1-14 |
| 16 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | Prior Period -വൌച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-1-16 |
| 18 | തൊഴിലുറപ്പ്പദ്ധതി- മൂലധന ചെലവുകൾ കാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ | 1-1-17 |

| | | |
|---|---|---|
| | ചെർത്തിട്ടില്ല. | |
| 19 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | ഫണ്ട് വിനിയോഗം | 1-3 |
| 22 | പദ്ധതി അവലോകനം | 1-4 |
| 23 | ക്ഷേമപെൻഷനുകൾ | 1-5 |
| 24 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 25 | ക്യാഷ് പരിശോധന | 1-7 |
| 26 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 27 | പഞ്ചായത്ത് നികുതി നികുതിയേതര വരവുകളുടെ അവലോകനം | 1-9 |
| 28 | പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടില്ല. | 1-10 |
| 29 | വസ്തു നികുതി തെറ്റായ ഉപയോഗ ക്രമത്തിൽ നിർണയിച്ചു - പഞ്ചായത്തിന് വരുമാന നഷ്ടം | 1-11 |
| 30 | ക്രമവത്കരണ ഫീസ് ഈടാക്കിയിട്ടില്ല | 1-12 |
| 31 | കെട്ടിടങ്ങളെ അനർഹമായി വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കി | 1-13 |
| 32 | ഒരേ ഉപയോഗത്തിനുള്ള കെട്ടിടങ്ങളെ വ്യത്യസ്ത കെട്ടിടങ്ങളായി വസ്തുനികുതി നിർണയം നടത്തുന്നതിനാൽ വസ്തുനികുതിയിനത്തിൽ വരുമാന നഷ്ടത്തിന് സാധ്യത | 1-14 |
| 33 | രസീത് തുക വൈകി അടവാക്കി | 1-15 |
| 34 | തൊഴിൽ നികുതി ഈടാക്കിയ രേഖകൾ ഹാജരാക്കേണ്ടതാണ് | 1-16 |
| 35 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-17 |
| 36 | മരുന്നുകൾ ലഭ്യമായിട്ടില്ല | 1-18 |
| 37 | ഡയറി ഫാം ഇൻസ്ട്രക്റ്റർ നിർവ്വഹണം നടത്തിയ പാലിന് സബ്സിഡി നൽകൽ പദ്ധതി- ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിക്കാൻ സാധിച്ചിട്ടില്ല | 1-19 |
| 38 | തെരുവ് വിളക്കുകൾ-ടെണ്ടർ നടപടികളിലെ അപാകങ്ങൾ | 1-20 |
| 39 | കെൽട്രോണിന് മുൻകൂർ തുക നൽകി-ലാപ്ടോപ് ലഭ്യമായിട്ടില്ല | 1-21 |
| 40 | ഘടകസ്ഥാപനങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കൽ-പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-22 |
| 41 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-23 |
| 42 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-24 |

| | | |
|---|---|---|
| 43 | എസ് സി ശ്മശാനം ചുറ്റുമതിൽ,ഷെഡ് നിർമ്മാണം വാർഡ് 11- പിഴ ഈടാക്കിയിട്ടില്ല- | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ചാഴൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 11.07.2023 തീയതിയിലെ 1(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 11.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട്ടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: തൃശ്ശൂർ ഡെപ്യൂട്ടി ഡയറക്ടർ

തീയതി: 23.09.2023 ജില്ലാ ഓഡിറ്റ്

കാര്യാലയം,തൃശ്ശൂർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

(ഓഡിറ്റ് എൻക്വയറി നമ്പർ 3/08.08.2023)

### 1-1-2 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല
കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5918917 രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -12106412 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല (ഓഡിറ്റ് എൻക്വയറി 03/08.08.2023).ആയത് പൊരുത്തപ്പെടുത്തേണ്ടതാണ്.

### 1-1-3 എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 57)). കൂടാതെ ബാങ്ക് പാസ്ബുക്ക് ഹാജരാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി 03/08.08.2023).

| ക്രമ. നം. | ബാങ്ക് | അക്കൗണ്ട് നമ്പർ |
|---|---|---|
| 1 | ട്രഷറി ജോയിന്റ് വെഞ്ചർ | 799011400001065 |
| 2 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ- ഇ പേയ്മെന്റ് | 37124416563 |

(ഓഡിറ്റ് എൻക്വയറി 03/08.08.2023)

### 1-1-4 Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട് പാസ്സ്ബുക്കിൽ (Account No- 024194000534) വന്ന ഡെബിറ്റ് തുകകൾ 31/3/2023 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രിക യിൽ ഈ തുക " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2022-23 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി(ഓഡിറ്റ് എൻക്വയറി (03/08.08.2023).

| തീയ്യതി | തുക |
|---|---|
| 30.03.2015 | 7578 |

ഓഡിറ്റ് എൻക്വയറി (03/08.08.2023)

### 1-1-5 നൽകി 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

Account No- 2685101007985

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 887049 | 30.04.22 | 885 |

ഓഡിറ്റ് എൻക്വയറി(03/08.08.2023)

## 1-1-6 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതുവരെ ക്രെഡിറ്റ് ആയില്ല

ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം (Pazhuvil Co-Operative Bank, Account No- 024194000534) 10652 രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ/ വൗച്ചർ നമ്പർ | തീയ്യതി | തുക |
|---|---|---|
| ലഭ്യമല്ല | 31.03.2012 | 10652 |

ഓഡിറ്റ് എൻക്വയറി(03/08.08.2023)

## 1-1-7 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500201/460500202/460500206-Advance To Implementing Agencies" എന്ന ശീർഷകങ്ങളിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പ്രോജക്റ്റ് | ഡെപ്പോസിറ്റ് തുക | ഫണ്ടിനം | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 213- വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ രണ്ടാം ഘട്ടം | 497044 | സി.എഫ്.സി ഗ്രാന്റ്- ബേസിക് ഗ്രാന്റ് | 415100002 | 460500202-Advance To Implementing Agencies- Deposit With KSEB |
| 2 | 202- വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 700000 | സി.എഫ്.സി ഗ്രാന്റ്- ബേസിക് ഗ്രാന്റ് | 415100001 | |
| 3 | 199 – ഇലക്ട്രിക് പോസ്റ്റ് ലൈൻ അറെയ്ഞ്ച്മെന്റ് | 52722 | തനതു ഫണ്ട് | 251200001 | |
| | | 18308 | | 251200001 | |
| 4. | 237- പൊതു വാട്ടർടാപ്പുകൾ വിച്ഛേദിക്കുന്നതിന് തുക അടവാക്കൽ | 179000 | ഡെവലപ്പ്മെന്റ് ഫണ്ട്-ജനറൽ | 414120011 | 460500201- Advance To Implementing Agencies- Deposit With KWA |

| | | | | | |
|---|---|---|---|---|---|
| 5 | 207/23 – ഘടക സ്ഥാപനങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കൽ | 261250 | മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം | 251190001 | 460500206- Advance To Implementing Agencies- ANERT |
| ആകെ | | 1708324/- | | | |

(ഓഡിറ്റ് എൻക്വയറി(03/08.08.2023)

## 1-1-8 വസ്തു നികുതി റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3511930 | 3506035 | 4993 | 3625 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3511930 | 3504986 | 6042 | 3625 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | ( 350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | *( 3809/105X100)=3628 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 1049രൂപ കൂടുതലാണ് വന്നിട്ടുള്ളത്. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള

വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി -03/08.08.2023)

## 1-1-9 വസ്തു നികുതി നോൺ-റെസിഡൻഷ്യൽ തൻവർഷം -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1919344 | 2000524 | 1272 | 19605 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1919344 | 1899729 | 1455 | *19605 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-45) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(20586 /105X100)=19606 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 100795 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റ്‌വെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി 03/08.08.2023)

## 1-1-10 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

(ഓഡിറ്റ് എൻക്വയറി നമ്പർ 03/08.08.2023)

## 1-1-11 വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

01/04/2022ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ

അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23വർഷത്തിൽ ചാഴൂർ ഗ്രാമപഞ്ചായത്തിൽ 254 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100102-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണയായി 31/03/23 ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 03/08.08.2023)

1-1-12 ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 03/08.08.2023)

1-1-13 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് 23596 രൂപയാണ്. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
2. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-7 പ്രകാരമുള്ള 31.03.2023 ലെ നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
3. അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-18 പ്രകാരമുള്ള 31.03.2023 ലെ നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 03/08.08.2023)

1-1-14 വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ. നനം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2023 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax-Institutions/ Professionals/ Traders | 273558 |

(ഓഡിറ്റ് എൻക്വയറി നമ്പർ 03/08.08.2023)

## 1-1-15 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

1. അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് (ഷെഡ്യൂൾ I-1 പ്രകാരം) | കളക്ഷൻ (ഷെഡ്യൂൾ RP-45 പ്രകാരം) | മുൻകൂർ ക്രമീകരിച്ചത് | എഴുതി തള്ളിയത് | ബാലൻസ് |
|---|---|---|---|---|---|
| തൊഴിൽ നികുതി (ട്രേഡേഴ്സ്) | 459480 | 185260 | 274220 | - | 0 |

2. കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക(ഷെഡ്യൂൾ I-3 പ്രകാരം) | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം (RP-43 ഷെഡ്യൂൾ) | രജിസ്റ്റർ പ്രകാരം കളക്ഷൻ |
|---|---|---|---|
| ഹാൾ വാടക | 508000 | 521000 | 521000 |

(ഓഡിറ്റ് എൻക്വയറി 03/08.08.2023)

## 1-1-16 Prior Period -വൌച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18, ഐ-19) പ്രകാരം "290000000-Prior Period Income" ,"190000000-Prior Period Expenditure "എന്ന ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ | 31/3/2023ലെ |
|---|---|

| അക്കൗണ്ട്, ഷെഡ്യൂൾ I-18, I-19) | ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax | 112 |
| 190200401-Prior Period Income- Other Income | -20220 |
| 290600401-Prior Period Expenses- Remittence Of Unutilized Grants To Govt. | 5089 |

(ഓഡിറ്റ് എൻക്വയറി നമ്പർ 03/08.08.2023)

## 1-1-17 തൊഴിലുറപ്പ്പദ്ധതി- മൂലധന ചെലവുകൾ കാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ ചേർത്തിട്ടില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 31,176,711 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ 1840965 രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | ചാഴൂർ വെസ്റ്റ് സോമശേഖര റോഡ് കാന നിർമ്മാണം | 306047 |
| 2 | കുഞ്ഞാലുക്കൽ എസ്.സി കോളനിയിലെ നടപ്പാത നിർമ്മാണം | 159254 |
| 3 | ഇരട്ടപ്പാലം കനാൽ ബണ്ട് റോഡ് കാക്കനാട്ട് ശങ്കുരുണ്ണി വസതി മുതൽ ഇരട്ടപ്പാലം ഫറവച്ചാൽ റോഡ് വരെ കോൺക്രീറ്റിംഗ് | 779875 |
| 4 | ചാഴൂർ വടക്ക് ചേർക്കഴ റോഡ് കോൺക്രീറ്റിംഗ് | 595789 |
| | ആകെ | 1840965 |

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 1840965 രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 1840965 രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുക ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 03/08.08.2023)

## 1-1-18 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടിയിരുന്നതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 166746496 |
| ആകെ ചെലവ് (B) | | 179375165 |
| മിച്ചം തുക C= A-B | | -12628669 |
| Prior Period Income | -20108 | |
| Prior Period Expenditure | 5089 | |
| Net Difference Between Prior Period Income And Expenses ( D ) | | -25197 |

| | | |
|---|---|---|
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | -12653866 |

എന്നാൽ -12643688 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. എന്നാൽ 31/3/23 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത് ശരിയായ -12653866 രൂപ തന്നെയാണ്.

| | |
|---|---|
| 31/3/22 ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | -20210571 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | -12653866 |
| 31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | -32864437 |

(ഓഡിറ്റ് എൻക്വയറി നമ്പർ 3/08.08.2023)

## 1-2 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 22.03.2022, തീരുമാനം നം.1[1] | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 36,47,39000 | 36,65,93,000 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 07.03.2023, തീരുമാനം നം. 1[1] | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 24,17,73,723 | 25,16,57,735 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക*/ നീക്കിയിരിപ്പ്** |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 19359000 | 19359000 | 17581943 | 1777057* |
| വികസന ഫണ്ട്-എസ്.സി.പി | 0 | 12371000 | 12371000 | 11471180 | 899820* |
| മെയിന്റനൻസ്, റോഡ് | 0 | 5617500 | 5617500 | 2391036 | 3226464* |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5613000 | 5613000 | 4193318 | 1419682* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്-ബാങ്ക്) | 1489612 | 5049000 | 6538612 | 3522966 | 3015646** |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് -ട്രഷറി) | 0 | 1407518 | 1407518 | 0 | 1407518* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ( അൺടൈഡ് ബേസിക് ഗ്രാന്റ് )-ബാങ്ക് | 348306 | 3366000+ 137377 (പലിശ) = 3503377 | 3851683 | 2272434+ 805(bank Charge) =2273239 | 1578444** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ( അൺടൈഡ് ബേസിക് ഗ്രാന്റ് )- ട്രഷറി | 0 | 497044 | 497044 | 497044 | 0 |
| National Health Mission | 0 | 583818 | 583818 | 162199 | 421619 |
| National Rural Health Mission | 0 | 450000 | 450000 | 0 | 450000 |
| Panchayat Yuva Krida Aur Khel Abhiyan | 15350 | 0 | 15350 | | 15350 |
| Rural Housing-Housing For All | 750000 | 1300000 | 2050000 | 1580000 | 470000 |
| Integrated Child Developement Scheme | 335724 | 1463800 | 1799524 | 875688 | 923836 |
| Literacy Scheme Grant | 2133 | 0 | 2133 | 0 | 2133 |
| Grant From Suchitwa Mission | 1917970 | 252000 | 2169970 | 752643 | 1417327 |

കുറിപ്പ്:-

1.വികസന ഫണ്ട്-ജനറൽ, എസ്.സി.പി എന്നിവയുടെ വരവ് തുക വാർഷിക കണക്ക് പ്രകാരമുള്ള തുകയാണ് മേൽചേർത്തിട്ടുള്ളത്. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ Source Deduction ന് ശേഷമുള്ള തുകയാണ് ചേർത്തിട്ടുള്ളത്.

2. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് തുകകൾ വാർഷിക കണക്ക് പ്രകാരമുള്ള തുകയാണ് ചേർത്തിട്ടുള്ളത്. ആയത് ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

3. മെയിന്റനൻസ്, നോൺ-റോഡ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയാണ് മേൽ ചേർത്തിട്ടുള്ളത്. ബാലൻസ് ഷീറ്റ് B3 ഷെഡ്യൂളിൽ 312100302 Capital Contribution- Maintenance Grant -Non Road എന്ന

ഹെഡിൽ മെയിന്റനൻസ്, റോഡ് തുകയിലെ 18,86,003/-രൂപ തെറ്റായി ചേർത്തിട്ടുണ്ട്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 193 | 134351723 | 110 | 59555318 | 44 | 57 |

## 1-5 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6568400 | 599 |
| വിധവാ പെൻഷൻ | 14375600 | 1393 |
| വാർദ്ധക്യകാല പെൻഷൻ | 31223400 | 3022 |
| വികലാംഗ പെൻഷൻ | 3729600 | 347 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1539600 | 144 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90000 | 3 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3503 | 1252508 (5123 പലിശ) | 1256011 | 1256011 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 29920700 | 29920700 | 29920700 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 0 | 0 | 0 | 0 |
| ആകെ | 3503 | 31173208 | 31176711 | 31176711 | 0 |

## 1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.08.2023 തീയതിയിൽ 2.45 PM ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8697/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്

## 1-9 പഞ്ചായത്ത് നികുതി നികുതിയേതര വരവുകളുടെ അവലോകനം

### ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൻ പ്രകാരം പുതിയ തനതു വരുമാന മേഖലകൾ

സംബന്ധിച്ച നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നൽകുകയോ ആയത് ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുകയോ ചെയ്തിട്ടില്ല. ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയത്തിനകം സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ വരവിനങ്ങൾ സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വസ്തു നികുതി സംബന്ധിച്ച് ഡിമാന്റ്, പിരിവ് അവലോകന യോഗം രണ്ട് അർദ്ധ വർഷത്തിലും നടത്തുകയും ക്യാമ്പ് കളക്ഷൻ നടത്താൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയും ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്കും നൽകുകയും ചെയ്യുന്നില്ല.
തനത് വരുമാനത്തിലെ കുടിശ്ശിക നിവാരണത്തിനായി എല്ലാ വാർഡുകളിലും ക്യാമ്പ് കളക്ഷൻ നടത്തുന്നുണ്ട്. പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തുന്നില്ല. വാടകയിനത്തിലും വസ്തുനികുതിയിനത്തിലും കുടിശ്ശികയുണ്ടെങ്കിലും അത് ഏതു കാലയളവിലെ കുടിശ്ശികയാണെന്ന് സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

വസ്തുനികുതി

01.04.2023 തീയതിയിലെ വസ്തു നികുതി പരിഷ്കരണങ്ങൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയോടെ 30.06.2023 തീയതിയിലെ 8(1)-ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ച് ഓരോ വിഭാഗത്തിന്റെയും അടിസ്ഥാന നിരക്കുകൾ അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്. 2022-23 വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി നിലവിലുള്ള വസ്തു നികുതിയുടെ 5% വർദ്ധനവ് സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടുണ്ട്. നിലവിലുണ്ടായിരുന്ന വസ്തു നികുതിയുടെ 5% വർദ്ധനവിൽ നികുതി നിലവിൽ ഈടാക്കുന്നുണ്ട്. എങ്കിലും സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതിയ അടിസ്ഥാന നിരക്കുകൾ അപ്ഡേറ്റ് ചെയ്തിട്ടില്ല. ആയത് IKM നോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ പുതുക്കിയ അടിസ്ഥാന നിരക്കിൽ നിലവിൽ (01.04.2023 മുതൽ) നികുതി ഈടാക്കുന്നില്ല. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ല.
2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. 2013 വസ്തു നികുതി പരിഷ്കരണത്തിനു ശേഷം സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതിയ റോഡിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ നിർദ്ദേശ പ്രകാരം റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിലെ ആസ്തി പ്രകാരമുള്ള മുഴുവൻ റോഡുകളുടെയും വിവരങ്ങൾ 'R TRACK' സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്തതായി ഓഡിറ്റ് എൻക്വയറി(നം 1/5.8.23) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ ഫീൽഡ് സന്ദർശനം നടത്തി കണ്ടെത്തിയിട്ടില്ല. ഇത്തരം കെട്ടിടങ്ങൾ കണ്ടെത്തി അനധികൃത കെട്ടിടങ്ങൾക്കെതിരെയുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 06.09.2022 ലെ 3-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സമീപ കാലത്തായി നടത്തിയിട്ടുള്ള നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടി ചേർക്കലും പുതുക്കലുകളും പഞ്ചായത്തിന്റെ രേഖകളിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നും ആനുപാതികമായ നികുതി വർദ്ധന വരുത്തിയിട്ടുണ്ടോയെന്നും അടിയന്തിരമായി പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന വിഷയം പ്രത്യേക അജണ്ട വഴി ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടി സ്വീകരിച്ച് നടപ്പിലാക്കേണ്ടതാണ്.

നിലവിലുള്ള കെട്ടിടങ്ങൾ പരിശോധിച്ചതിൽ ഒരേ ഉപയോഗത്തിനുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത കെട്ടിട നമ്പരുകൾ നല്കിയതായും കുറവ് നിരക്കിലുള്ള ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചതായും കാണുന്നു. പുതിയ വിജ്ഞാപന പ്രകാരം നികുതി നിരക്കുകൾ പരിഷ്കരിക്കുമ്പോൾ ടി കെട്ടിടങ്ങൾക്ക് തെറ്റായ നിരക്കിൽ നികുതി നിർണയിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. മാത്രമല്ല ഇത്തരത്തിൽ നികുതി

നിർണയം നടത്തുമ്പോൾ വൻ തോതിലുള്ള വരുമാന നഷ്ടത്തിനും ഇടയുണ്ട്. ആയതിനാൽ കെട്ടിടങ്ങളിൽ സ്ഥല പരിശോധന നടത്തിയതിനു ശേഷം ബാധകമായ നിരക്കിൽ നികുതി നിർണയിക്കേണ്ടതാണ്.

സ.ഉ. 36/2015 ത.സ്വ.ഭ. വ. തീയതി 24.02.22015, സ.ഉ. 53/2020 ത.സ്വ.ഭ. വ. തീയതി 08.09.2020 എന്നിവ പ്രകാരമുള്ള വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന ആഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ്, ആയുർവ്വേദ സുഖചികിത്സാ കേന്ദ്രങ്ങൾ, റെസിഡൻഷ്യൽ ഹോംസ്റ്റേകൾക്കുള്ള വസ്തു നികുതി നിരക്ക് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.

സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം , തെരുവുവിളക്കുകൾ, ഡ്രൈനേജ് തുടങ്ങിയ സേവനങ്ങൾ) ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നില്ല. ആയതിനുള്ള സാധ്യത ഭരണ സമിതി പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ 5 എണ്ണം ഉണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സർവീസ് ചാർജ് ഈടാക്കുന്നില്ല.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് സൂക്ഷിക്കുന്നില്ല. ആയതിന്റെ വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നുണ്ട്. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുന്നുണ്ട്.

വിനോദനികുതി

അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക്, എന്നിവയ്ക്ക് നിലവിൽ പഞ്ചായത്തിൽ പ്രവർത്താനുമതി നല്കിയിട്ടില്ല. പുള്ള് മേഖലയിലേയ്ക്ക് വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി പദ്ധതികൾ നടപ്പിലാക്കാൻ പഞ്ചായത്ത് ഉദ്ദേശിക്കുന്നതായും ആയത് സംബന്ധിച്ച അനുമതികൾ ലഭ്യമായിട്ടില്ലെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മേൽ സൂചിത ഇനങ്ങളിൽ നിന്നും വിനോദസഞ്ചാരസാധ്യതകൾ ഉള്ള സ്ഥലങ്ങളിൽ നിന്നും വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടില്ല.

വാടക

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കമ്മ്യൂണിറ്റി ഹാൾ നവീകരണം നടത്തി വാടകയ്ക്ക് നല്കി നല്ല രീതിയിലുള്ള വരുമാനം (ദിവസ വാടക – 13000/-) പഞ്ചായത്തിന് ലഭിക്കുന്നുണ്ട്. ആയത് ശ്ലാഘനീയമാണ്.

വെള്ളക്കരമിനത്തിലെ ചെലവ് കുറക്കൽ- തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 11.04.2023 ലെ തീരുമാനം 1 പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

425 ടാപ്പുകൾക്ക് 515631/- നിരക്കിൽ ഒരു വർഷം 6187575/- രൂപ വെള്ളക്കരമിനത്തിൽ ചെലവു വരുന്നതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തിയിട്ടുണ്ട്. ഉപയോഗ ശൂന്യമായ 117 ടാപ്പുകൾ ഡിസ്കണക്റ്റ് ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റിയിൽ തുക അടവാക്കിയിട്ടുണ്ടെങ്കിലും തുകയിൽ കാര്യമായ വ്യത്യാസം വരുന്നില്ലെന്നും താരതമ്യേന വരുമാനം കുറവുള്ള ചാഴൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് വൻതുക വെള്ളക്കരമിനത്തിൽ ചെലവു വരുന്നത് പുന: പരിശോധിക്കാനും ഓരോ വാർഡിലും അത്യാവശ്യമുള്ളവ ഒഴിച്ച് ബാക്കി ടാപ്പുകൾ ഡിസ്കണക്റ്റ് ചെയ്യുന്നതിനും ഭരണ സമിതിയോട് ശുപാർശ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

2022-23 വർഷത്തിൽ ടാപ്പുകൾ ഡിസ്കണക്റ്റ് ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റിയിൽ തുക അടവാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതും നിലവിൽ 425 ടാപ്പുകളുടെ വെള്ളക്കരം അടവാക്കി വരികയും ചെയ്യുന്നുണ്ട്. ഗാർഹിക കണക്ഷനുകൾ പ്രോത്സാഹിപ്പിച്ച് അത്യാവശ്യമുള്ളവ ഒഴിച്ച് മറ്റ് ടാപ്പുകൾ ഡിസ്കണക്റ്റ് ചെയ്ത് വെള്ളക്കരമിനത്തിലുള്ള ചെലവ് കുറക്കേണ്ടതാണ്.

## 1-10 പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടില്ല.

ഫാക്ടറി - വ്യാപാര ലൈസൻസ് എടുത്തിട്ടുള്ള താഴെചേർക്കുന്ന സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ 2022-23 വർഷത്തേയ്ക്ക് പുതുക്കിയിട്ടില്ല.

| ക്രമ നം | ലൈസൻസ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | സ്ഥാപനം |
|---|---|---|---|---|
| 1 | 250 | 13/ 172 F | സെക്രട്ടറി പഴവിൽ സഹകരണ ബാങ്ക് | നീതി ക്ലിനിക്കൽ ലാബ് |
| 2 | 287 | 7/ 409 A | ജെസ്റ്റോ ജോയ് തട്ടിൽ | റിറ്റ്സ് മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് |
| 3 | 315 | 18/ 274 C | ലീന ഷിബു കൊമ്പൻ | ഗാമ ഹൈടെക് ലബോറട്ടറി |

(ഓഡിറ്റ് എൻക്വയറി നം. 7/ 9.8.2023)

ക്രമ നം. 1 ൽ സൂചിപ്പിച്ച സ്ഥാപനത്തെ 2023-24 വർഷത്തെ ലൈസൻസ് എടുപ്പിക്കുന്നതാണെന്നും, ക്രമ നം. 2 ൽ സൂചിപ്പിച്ച സ്ഥാപനം ഉടമസ്ഥാവകാശം മാറ്റിയതിനാൽ പി.സി.ബി, ഇമേജ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ലൈസൻസ് എടുപ്പിക്കുന്നതാണെന്നും, ക്രമ നം. 3 ൽ സൂചിപ്പിച്ച സ്ഥാപനം 2023-24 വർഷത്തെ ലൈസൻസ് എടുത്തിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തുടർ നടപടി അറിയിക്കേണ്ടതാണ്.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ – ചട്ടം 5 പ്രകാരം സ്വകാര്യ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഇല്ലാതെയും പുതുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-11 വസ്തു നികുതി തെറ്റായ ഉപയോഗ ക്രമത്തിൽ നിർണയിച്ചു - പഞ്ചായത്തിന് വരുമാന നഷ്ടം

ഫയൽ നം. SC3/6468/22

14-ാം വാർഡ് - 427/6-1, 6-2, 1-3 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട സ്ഥലത്ത് റെസിഡൻഷ്യൽ ലോഡ്ജ് (ഒക്യുപൻസി A2) നിർമ്മിക്കുന്നതിന് ഇക്ബാൽ മുതൽ പേർ 22.12.2022 ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നില | ബിൽറ്റ് അപ്പ് വിസ്തീർണം |
|---|---|
| നിലവിലുള്ള കെട്ടിടം | 358.94 M2 |
| നിർദ്ദിഷ്ട കെട്ടിടം | 108.76 M2 |
| ആകെ | 467.70 $M^2$ |

നിലവിലുള്ള കെട്ടിടത്തിന്റെ നമ്പർ (പ്ലാൻ പ്രകാരം A1 ഒക്യുപൻസി) പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.

അപേക്ഷ പരിശോധിച്ചതിനു ശേഷം എഞ്ചിനീയറിംഗ് വിഭാഗം 03.12.2022 ൽ നല്കിയ റിപ്പോർട്ടിൽ "സമർപ്പിത പ്ലാനിൽ നിലവിലുള്ള കെട്ടിടത്തിന്റെ വിവരങ്ങൾ വ്യക്തമല്ല. അസസ്മെന്റ് പ്രകാരമുള്ള വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. നിലവിലുള്ള കെട്ടിടം ലോഡ്ജിംഗ് പർപ്പസിന് ഉപയോഗിക്കുന്നതായി അന്വേഷണത്തിൽ കാണുന്നു. ആയത് പരിശോധിച്ച് വിശദീകരണം ആവശ്യപ്പെടാവുന്നതാണ്. KPBR 29,34,42,79 പ്രകാരമുള്ള പാർക്കിംഗ്, സാനിറ്റേഷൻ, ഭിന്നശേഷിക്കാർക്കുള്ള സൗകര്യങ്ങൾ, വേസ്റ്റ് മാനേജ്മെന്റ് എന്നീ ന്യൂനതകൾ

പരിഹരിക്കേണ്ടതാണ് " എന്നീ അപാകതകൾ പറഞ്ഞിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് പുന:സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ A2 ഒക്യുപൻസി കെട്ടിടത്തിന് പെർമിറ്റ് അനുവദിക്കാവുന്നതാണെന്ന് അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. (പെർമിറ്റ് നം. A3BA(129356)/2023 – 05.04.2023 രശീതി നമ്പർ – 1230100001/ 01.04.2023 തുക 1088/-) . അസസ്മെന്റ് രേഖകൾ പരിശോധിച്ച് നിലവിലുള്ള കെട്ടിടത്തിന് തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം ഫയലിൽ ഇല്ല.

പ്രസ്തുത കെട്ടിടത്തിന് കെട്ടിട നമ്പർ നൽകിയ ഫയൽ പ്രകാരമുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഫയൽ നം. SC3/2114/22 പ്രകാരം 14-ാം വാർഡ് - 427/6-1, 6-2, 1-3 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട സ്ഥലത്തുള്ള റെസിഡൻഷ്യൽ ഫ്ലാറ്റിന് ( ആകെ തറവിസ്തീർണം - 358.94 M2) കെട്ടിട നമ്പർ ലഭിക്കുന്നതിന് ഇക്ബാൽ മുതൽ പേർ 15.06.2022 ൽ അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് താഴെ ചേർക്കും പ്രകാരം താമസാവശ്യത്തിനെന്ന പോലെ വസ്തുനികുതി നിർണയിച്ച് നൽകിയിട്ടുണ്ട്. ടി കെട്ടിടം ലോഡ്ജിംഗ് ആവശ്യത്തിനായി ഉപയോഗിക്കുന്നതായി അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതിനാലും ടി കെട്ടിടത്തിനോട് ചേർന്ന് കൂട്ടി ചേർക്കാൻ പെർമിറ്റ് എടുത്ത കെട്ടിടത്തിന് ലോഡ്ജിംഗ് ആവശ്യത്തിന് പെർമിറ്റ് നൽകിയതിനാലും തെറ്റായ ഉപയോഗ ക്രമത്തിൽ വസ്തു നികുതി നിർണയിച്ച് നൽകിയതായി കാണുന്നു. ആയതിനാൽ പഞ്ചായത്തിന് വസ്തു നികുതിയിനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ പട്ടികപ്പെടുത്തുന്നു.

<u>ലോഡ്ജിംഗ് ആവശ്യത്തിനു പകരം അപ്പാർട്ട്മെന്റ് ആയി കണക്കാക്കി നികുതി ഈടാക്കുന്നതുമൂലമുള്ള നഷ്ടം</u>

| കെട്ടിട നം. | ഉപയോഗം | തറവിസ്തീർണം(ച.മീ.) | ഈടാക്കിയ നിരക്ക് | ഈടാക്കുന്ന വസ്തുനികുതി | ഈടാക്കേണ്ട നിരക്ക് | ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|---|---|---|---|
| 14/ 77 P | ലോഡ്ജ് | 101.97 | 6 | 101.97 X 6 = 611.82 + 122.364* = 735 +5% L.C. | 40 | 101.97 X 40 = 4078.80 + 815.76* =4894 + 5% L.C. |
| 14/ 77Q | ലോഡ്ജ് | 101.97 | 6 | 101.97 X 6 = 611.82 + 122.364* = 735 + 5% L.C. | 40 | 101.97 X 40 = 4078.80 + 815.76* =4894 + 5% L.C. |
| 14/ 77N | ലോഡ്ജ് | 70.85 | 6 | 70.85 X 6 = 425.1 + 85.02* = 511 + 5% L.C. | 40 | 70.85 X 40= 2834 + 566.8 = 3401 + 5% L.C. |
| 14/ 77 O | ലോഡ്ജ് | 84.15 | 6 | 84.15 X 6 = 504.90 + 100.98* = 606 + 5% L.C. | 40 | 84.15x 40 = 3366 + 673.20*=4040 + 5% L.C. |
| ആകെ | | 358.94 M2 | | | | |

*20 % വർദ്ധനവ് (വഴി സൗകര്യം)

പ്രാബല്യ തീയതി - 01.04.2022

സ.ഉ.(അ) നം. 25/2023 ത.സ്വ.ഭ.വ. തീയതി 05.04.2023 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം

കെട്ടിടത്തിനും ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ അഞ്ചു വർഷ കാലയളവ് വരെ തുടർന്നുള്ള ഓരോ വർഷവും കുറഞ്ഞതും കൂടിയതുമായ നിരക്കുകളിൽ അഞ്ചു ശതമാനം വീതം വർദ്ധനവ് വരുത്താൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവു പ്രകാരമുള്ള വിജ്ഞാപനം നടപ്പിലാക്കുമ്പോൾ ഇത്തരത്തിലുള്ള വരുമാന നഷ്ടം വൻതോതിൽ വർദ്ധിക്കാൻ സാധ്യതയുണ്ട്. മേൽ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

01.04.2022 പ്രാബല്യത്തിൽ മേൽ പട്ടിക പ്രകാരമുള്ള വസ്തുനികുതി നിർണയിച്ച് ഈടാക്കേണ്ടതും 01.04.2023 പ്രാബല്യത്തിൽ പുതിയ വസ്തു നികുതി പരിഷ്കരണ വിജ്ഞാപനം പ്രകാരമുള്ള നികുതി നിർണ്ണയം നടത്തേണ്ടതുമാണ്. അപാകതകൾ പരിഹരിച്ച് തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 18/ 11.08.2023)

## 1-12 ക്രമവത്കരണ ഫീസ് ഈടാക്കിയിട്ടില്ല

താഴെ ചേർക്കുന്ന ഫയലുകൾ പ്രകാരം കെട്ടിട നിർമാണ പെർമിറ്റ് നൽകിയതിനേക്കാൾ കൂടുതൽ പണി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കൂട്ടിചേർത്ത വിസ്തീർണത്തിന് ആനുപാതികമായി റഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | ഫയൽ നം. | ഉടമയുടെ പേര്/ കെട്ടിടനം | പെർമിറ്റ് നൽകിയ വിസ്തീർണം / ഒക്യുപൻസി | പണി പൂർത്തീകരിച്ച വിസ്തീർണം | റഗുലറൈസേഷൻ ഫീസിനത്തിൽ അടവാക്കേണ്ട തുക |
|---|---|---|---|---|---|
